**കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ഡോ. വി. ബാലകൃഷ്ണൻ)**

വിഷയം:- കെ.എസ്.ബി.ബി.- പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള സ്പീഷീസുകളെ ജില്ലാതലത്തിൽ ഔദ്യോഗിക സ്പീഷീസായി പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാങ്കേതിക വിഭാഗം**

നം. എ8/132/2025/കെ.എസ്.ബി.ബി. തിരുവനന്തപുരം, 18-02-2026

---

പരാമർശം: 1) 13.10.2025 ലെ സ.ഉ.(കൈ)നം.3/2025/ENVT നമ്പർ സർക്കാർ ഉത്തരവ്.
2) 12.02.2026 ലെ 68-മത് കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ യോഗ തീരുമാനം.

**ഉത്തരവ്**

പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള വംശനാശഭീഷണി നേരിടുന്നതോ, പ്രദേശത്തിന്റെ തനതിനങ്ങളോ, ഒരു ആവാസവ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമായിട്ടുള്ളതോ, പരമ്പരാഗതയിനത്തിൽപ്പെട്ടതോ, അന്യംനിന്നു പോകുന്നതോ ആയിട്ടുള്ള സസ്യ-ജന്തുജാലങ്ങളെ, അവയുടെ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി, സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അംഗീകാരത്തിനും വിധേയമായി, ജില്ലാതലത്തിൽ ഔദ്യോഗിക സ്പീഷീസായി പ്രഖ്യാപിക്കുന്നതിന് ജില്ലാപഞ്ചായത്ത് ബി.എം.സി.കൾക്ക് പരാമർശം 1 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജില്ലാപഞ്ചായത്ത് ബി.എം.സി. കൾക്ക് ജില്ലാ സ്പീഷീസുകളെ പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ മാർഗ്ഗരേഖ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

Digitally signed by
V Balakrishnan
Date: 18-02-2026
10:20:04

**മെമ്പർ സെക്രട്ടറി**

അനുബന്ധം:- മാർഗ്ഗരേഖ.

പകർപ്പ്:-

1. ചെയർപേഴ്സൺ/ സെക്രട്ടറി, ജില്ലാപഞ്ചായത്ത് ബി.എം.സി. (എല്ലാ ജില്ലകളിലെയും)
2. ജില്ലാ കളക്ടർമാർ/ ഡി.പി.സി. മെമ്പർ സെക്രട്ടറി (എല്ലാ ജില്ലകളിലെയും)
3. കൺവീനർ (ജില്ലാ പ്ലാനിംഗ് ഓഫീസർ), DBCC (എല്ലാ ജില്ലകളിലെയും)
4. കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർമാർ (എല്ലാ ജില്ലകളിലെയും)
5. ചെയർമാന്റെ സി.എ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള സ്പീഷീസുകളെ ജില്ലയുടെ ഔദ്യോഗിക സ്പീഷീസായി പ്രഖ്യാപിക്കുന്നതിന് ജില്ലാപഞ്ചായത്തുകളിലെ ജൈവ വൈവിദ്ധ്യ പരിപാലന സമിതികൾക്ക് (ബി.എം.സി.) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരിസ്ഥിതി (എ) വകുപ്പ്**

G.O.(Ms)No.3/2025/ENVT തീയതി,തിരുവനന്തപുരം, 13-10-2025

---

പരാമർശം:-
1. ജൈവവൈവിധ്യ നിയമം 2002, വകുപ്പ് 41, കേന്ദ്ര ജൈവവൈവിധ്യ ചട്ടങ്ങൾ 2004, ചട്ടം 22 & സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 20 (1)
2. 13.05.2013 ലെ സ.ഉ.(അച്ചടി) നം.4/13/പരി നമ്പർ ഉത്തരവ്
3. 03.03.2020 ലെ സ.ഉ.(കൈ)നം.5/2020/പരി നമ്പർ ഉത്തരവ്
4. 20.10.2022 ലെ സ.ഉ.(സാധാ)നം.2550/2022/തസ്വഭവ നമ്പർ ഉത്തരവ്.
5. 23.06.2025 ലെ സ.ഉ.(സാധാ)നം.1550/2025/തസ്വഭവ നമ്പർ ഉത്തരവ്
6. ജൈവവൈവിദ്ധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 41 (1 എ).
7. സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 11-07-2025 തീയതിയിലെ 132/എ8/2025/കെ.എസ്.ബി.ബി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജൈവവൈവിദ്ധ്യ നിയമം 2002, വകുപ്പ് 41, കേന്ദ്ര ജൈവവൈവിദ്ധ്യ ചട്ടങ്ങൾ 2004, ചട്ടം 22 & സംസ്ഥാന ജൈവവൈവിദ്ധ്യ ചട്ടങ്ങൾ 2008, ചട്ടം 20(1) എന്നിവ പ്രകാരം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിദ്ധ്യ ബോർഡിന്റെ നേതൃത്വത്തിൽ ജൈവവൈവിദ്ധ്യ പരിപാലന സമിതികൾ (ബി.എം.സി.) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. മിക്ക ബി.എം.സി.-കളും അവരുടെ നിയമപരമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് പരിസ്ഥിതി-ജൈവ-ആവാസവ്യവസ്ഥകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രാദേശികതലത്തിൽ നിരവധി ഇടപെടലുകൾ നടത്തിവരുന്നതായും

അത്തരത്തിൽ ജില്ലാതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള ജീവജാലങ്ങളെ (സ്പീഷീസ്) ജില്ലാ സ്പീഷീസുകളായി പ്രഖ്യാപിക്കുന്നതിനുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ ചില ജില്ലാപഞ്ചായത്ത് ബി.എം.സി.-കൾ കൈക്കൊണ്ടിട്ടുണ്ടെന്നും, മറ്റു ബി.എം.സി.-കളും ഇതേ മാതൃക പിന്തുടരാൻ സാധ്യതയുള്ളതിനാൽ പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള സ്പീഷീസുകളെ ജില്ലയുടെ ഔദ്യോഗിക സ്പീഷീസായി പ്രഖ്യാപിക്കുന്നതിന് ജില്ലാപഞ്ചായത്ത് ബി.എം.സി.-കൾക്ക് അനുമതി നൽകുവാൻ സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശം (7) പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, ആവാസകേന്ദ്രങ്ങളുടെ സംരക്ഷണം, പരമ്പരാഗതയിനങ്ങൾ, കർഷകയിനങ്ങൾ, വിളകൾ, വളർത്തുമൃഗങ്ങൾ, സൂക്ഷ്മജീവികൾ എന്നിവയുടെ സംരക്ഷണം, സുസ്ഥിരോപയോഗം, രേഖപ്പെടുത്തൽ, ജൈവവൈവിദ്ധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ ക്രോഡീകരണം എന്നിവ ബി.എം.സി.-കളുടെ ചുമതലകളായി ജൈവവൈവിദ്ധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 41 (1എ) വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള വംശനാശഭീഷണി നേരിടുന്നതോ, പ്രദേശത്തിന്റെ തനതിനങ്ങളോ, ഓരോ ആവാസവ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമായിട്ടുള്ളതോ, പരമ്പരാഗതയിനത്തിൽപ്പെട്ടതോ, അന്യംനിന്നു പോകുന്നതോ ആയിട്ടുള്ള സസ്യ-ജന്തുജാലങ്ങളെ, അവയുടെ സംരക്ഷണ-പരിപാലന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി, ജില്ലാതലത്തിൽ ഔദ്യോഗിക സ്പീഷീസായി, സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അംഗീകാരത്തിനും വിധേയമായി പ്രഖ്യാപിക്കുന്നതിന് ജില്ലാപഞ്ചായത്ത് ബി.എം.സി.-കൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവാകുന്നു.

3. ജില്ലാപഞ്ചായത്ത് ബി.എം.സി.-കൾ ഔദ്യോഗിക സ്പീഷീസായി പ്രഖ്യാപിക്കുന്ന സ്പീഷീസുകളെയോ അവയുടെ ആവാസകേന്ദ്രങ്ങളെയോ നശിപ്പിക്കുകയോ, അവയുടെ നാശത്തിന് കാരണമാകുകയോ ചെയ്യുന്ന ഏതൊരുവിധ പ്രവൃത്തിയ്ക്കും ജൈവവൈവിദ്ധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 56-ൽ അനുശാസിക്കും പ്രകാരം സംസ്ഥാന ജൈവവൈവിദ്ധ്യബോർഡിന്റെ അംഗീകാരത്തിനു വിധേയമായി ശിക്ഷാനടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടാതെ, ജില്ലാപഞ്ചായത്ത് ബി.എം.സി.-കൾ പ്രഖ്യാപിക്കുന്ന സ്പീഷീസുകളിൽ വംശനാശഭീഷണി നേരിടുന്ന ഗണത്തിൽപ്പെട്ടവയെ ജൈവവൈവിദ്ധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ

സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന് കൈക്കൊള്ളാവുന്നതാണ്. പ്രസ്തുത സ്പീഷീസുകൾ കാണപ്പെടുന്ന പ്രത്യേക ആവാസകേന്ദ്രങ്ങളുണ്ടെങ്കിൽ അവയെ ജൈവവൈവിദ്ധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 37 പ്രകാരം ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളോ, 03.03.2020-ലെ സ.ഉ.(കൈ)നം.5/2020/പരി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രാദേശിക ജൈവവൈവിദ്ധ്യ പൈതൃക കേന്ദ്രങ്ങളോ ആക്കുന്നതിനുള്ള നടപടികൾ ജില്ലാപഞ്ചായത്ത് ബി.എം.സി.-കൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

L T SANTHOSH KUMAR

ADDITIONAL SECRETARY

പകർപ്പ്:-

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള

ഡയറക്ടർ, വെബ് & ന്യൂ മീഡിയ

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Roy J
Date: 15-10-2025 10:41:54

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഭരണഭാഷ മാതൃഭാഷ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
A Statutory and Autonomous body, Government of Kerala

**നം. എ8/132/2025/കെ.എസ്.ബി.ബി.**

**പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള സ്പീഷീസുകളെ ജില്ലാതല ഔദ്യോഗിക സ്പീഷീസുകളായി പ്രഖ്യാപിക്കുന്നതിനുള്ള മാർഗ്ഗരേഖ**

പരാമർശം: 1) 13.10.2025 ലെ സ.ഉ.(കൈ)നം.3/2025/ENVT നമ്പർ സർക്കാർ ഉത്തരവ്.

2) 12.02.2026 ലെ 68-മത് കേരള സംസ്ഥാന ജൈവൈവിധ്യ ബോർഡിന്റെ യോഗ തീരുമാനം.

ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുക, ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിയുക്തവുമായ പങ്കിടൽ നടപ്പിലാക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടിയുള്ള നിയമമാണ് ജൈവവൈവിധ്യ നിയമം 2002 (ഭേദഗതി നിയമം, 2023). ദേശീയ ജൈവവൈവിധ്യ അതോറിറ്റി, സംസ്ഥാന ജൈവവൈവിധ്യ ബോർഡുകൾ/ ബയോഡൈവേഴ്സിറ്റി കൌൺസിലുകൾ, ജൈവവൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി.കൾ) എന്നിവയാണ് യഥാക്രമം ദേശീയ-സംസ്ഥാന-പ്രാദേശികതലങ്ങളിലെ ജൈവവൈവിധ്യ നിയമത്തിന്റെ കാര്യനിർവ്വഹണത്തിനായുള്ള ത്രിതല സംവിധാനങ്ങൾ.

**ബി.എം.സി. കളുടെ ചുമതലകൾ**

*ആവാസകേന്ദ്രങ്ങൾ, സസ്യ-ജന്തുജാലങ്ങൾ, പരമ്പരാഗതയിനങ്ങൾ, കർഷകയിനങ്ങൾ, വിളകൾ, വളർത്തുമൃഗങ്ങൾ, സൂക്ഷ്മജീവികൾ തുടങ്ങിയ ജീവജാലങ്ങളുടെ സംരക്ഷണം, സുസ്ഥിരോപയോഗം, അവയുടെ രേഖപ്പെടുത്തൽ, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളുടെ ക്രോഡീകരണം* എന്നിവയാണ് ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 41 (1 എ) പ്രകാരമുള്ള ബി.എം.സി.കളുടെ സുപ്രധാന ചുമതലകൾ.

ജൈവസമ്പന്നമായിട്ടുള്ളതോ ജൈവവൈവിധ്യ പ്രാധാന്യമുള്ളതോ ആയ ആവാസവ്യവസ്ഥകളെയോ, സംരക്ഷണ പ്രാധാന്യമുള്ള ജീവജാലങ്ങൾ കാണപ്പെടുന്ന

ആവാസകേന്ദ്രങ്ങളെയോ ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 37, സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008, ചട്ടം 19 എന്നിവ പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി (BHS) പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനോ, 03.03.2020 ലെ സ.ഉ.(കൈ)നം.5/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അത്തരം പ്രദേശങ്ങളെ പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രമായി (LBHS) പ്രഖ്യാപിക്കുന്നതിനോ ബി.എം.സി. കൾക്ക് അധികാരമുണ്ട്. ആവാസവ്യവസ്ഥാതലത്തിലെ സംരക്ഷണം പോലെതന്നെ പ്രധാനമാണ് സ്പീഷീസ് തലത്തിലെ സംരക്ഷണം. ഓരോ പ്രദേശത്തെയും പാരിസ്ഥിതിക-ജൈവ സാഹചര്യങ്ങൾക്കനുസരിച്ച് അവിടുത്തെ ജൈവജാതിയിനങ്ങളും വ്യത്യസ്തമാകുന്നു. അതുകൊണ്ടുതന്നെ ബി.എം.സി. കളുടെ പൊതുവായ ചുമതലകളുടെ ഭാഗമായി പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള സ്പീഷീസുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ ബി.എം.സി. കൾക്ക് കൈക്കൊള്ളാവുന്നതാണ്. ഈയൊരു സാഹചര്യത്തിലാണ് പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള സ്പീഷീസുകളെ ജില്ലയുടെ ഔദ്യോഗിക സ്പീഷീസുകളായി പ്രഖ്യാപിക്കുന്നതിന്റെ പ്രസക്തി.

**ബി.എം.സി. - ഔദ്യോഗിക സ്പീഷീസ് പ്രഖ്യാപനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

1. ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 41 (1 എ), 13.10.2025 ലെ സ.ഉ.(കൈ)നം. 3/2025/ENVT നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം ജില്ലാതല ഔദ്യോഗിക സ്പീഷീസ് പ്രഖ്യാപനത്തിനുള്ള നടപടികൾ ജില്ലാപഞ്ചായത്ത് ബി.എം.സി. കളാവണം കൈക്കൊള്ളേണ്ടത്.
2. ജില്ലാപഞ്ചായത്ത് ബി.എം.സി. യ്ക്ക് സ്വമേധയായോ, ജില്ലയിലെ മറ്റു ബി.എം.സി. കളുടെയോ തൽപ്പരകക്ഷികളുടെയോ ശുപാർശയുടെ അടിസ്ഥാനത്തിലോ ജില്ലാതല ഔദ്യോഗിക സ്പീഷീസ് പ്രഖ്യാപനത്തിനുള്ള നടപടികൾ ജില്ലാപഞ്ചായത്ത് ബി.എം.സി. യ്ക്ക് കൈക്കൊള്ളാവുന്നതാണ്.
3. പ്രാദേശികതലത്തിൽ സംരക്ഷണ പ്രാധാന്യമുള്ള വംശനാശഭീഷണി നേരിടുന്നതോ, പ്രദേശത്തിന്റെ തനതിനങ്ങളോ, ഒരു ആവാസവ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമായിട്ടുള്ളതോ, പരമ്പരാഗയിനത്തിൽപ്പെട്ടതോ, അന്യംനിന്നു പോകുന്നതോ ആയിട്ടുള്ള സസ്യ-ജന്തുജാലങ്ങൾ, വിളകൾ, ബ്രീഡുകൾ തുടങ്ങിയവയെ ജില്ലയുടെ ഔദ്യോഗിക സ്പീഷീസായി ജില്ലാ ബി.എം.സി. കൾക്ക് പ്രഖ്യാപിക്കാവുന്നതാണ്.
4. കരയിലെ സസ്യം, ജലസസ്യം, പുഷ്പം, വൃക്ഷം, ഔഷധസസ്യം, സസ്തനി, ഉരഗം, പക്ഷി, മത്സ്യം, ഉഭയജീവികൾ, ഷഡ്പദങ്ങൾ എന്നിങ്ങനെ ബി.എം.സി. യ്ക്ക് അനുയോജ്യമായിട്ടുള്ള വ്യത്യസ്തങ്ങളായ വിഭാഗങ്ങളിൽ ഔദ്യോഗിക സ്പീഷീസുകളെ ബി.എം.സി. കൾക്ക് ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത് പ്രഖ്യാപിക്കാവുന്നതാണ്.
5. ജില്ലാ ബി.എം.സി. കൾ ജില്ലാപരിധിയിലെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, നഗരസഭാ ബി.എം.സി. കളുടെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ടാവണം ജില്ലയുടെ

ഔദ്യോഗിക സ്പീഷീസ് പ്രഖ്യാപനത്തിനുള്ള നടപടികൾ കൈക്കൊള്ളേണ്ടത്. പ്രസ്തുത നടപടികൾ കൈക്കൊള്ളുന്നതിനു മുന്നോടിയായി, ആയത് സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡിനെ അറിയിക്കേണ്ടതാണ്.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പി.ബി.ആറുകൾ, മറ്റു ഗവേഷണ-പഠന റിപ്പോർട്ടുകൾ എന്നിവയെ ഇത്തരം സ്പീഷീസുകളെ കണ്ടെത്തുന്നതിനുള്ള അടിസ്ഥാനരേഖയായി കണക്കാക്കാവുന്നതാണ്.
7. സ്പീഷീസുകളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതിന് പ്രാദേശികതല വിദഗ്ദർ, സിറ്റിസൺ സയന്റിസ്റ്റുകൾ, ജില്ലാതല ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് അംഗങ്ങൾ, ബന്ധപ്പെട്ട ഫോറസ്റ്റ് റേഞ്ച് ഓഫീസർ, മറ്റു അനുബന്ധ വകുപ്പുകളിലെ പ്രാദേശികതല/ജില്ലാതല ഉദ്യോഗസ്ഥർ, പ്രസ്തുത സ്പീഷീസുകളുടെ പഠന-ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ, ഗവേഷകർ, ഗവേഷണ സ്ഥാപനങ്ങളിലെ സയന്റിസ്റ്റുകൾ എന്നിവർ ഉൾപ്പെടുന്ന ഒരു വിദഗ്ദതല കമ്മിറ്റി, ബി.എം.സി. യുടെയും പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ പരിപാലനം, കാലാവസ്ഥാ വ്യതിയാനം. ദുരന്തനിവാരണം എന്നിവയ്ക്കായുള്ള പതിമൂന്നാമത് വർക്കിംഗ് ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്.
8. വിദഗ്ദതല കമ്മിറ്റികൾ ശാസ്ത്രീയ വിശകലനം നടത്തി, ഓരോ വിഭാഗത്തിലും 3-5 സ്പീഷീസുകളെ മുൻഗണനാടിസ്ഥാനത്തിൽ നോമിനേറ്റ് ചെയ്തുകൊണ്ടുള്ള, കാര്യകാരണ സഹിതമുള്ള വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ ബി.എം.സി. യ്ക്ക് നൽകേണ്ടതാണ്.
9. എല്ലാ തൽപ്പരകക്ഷികളെയും ബോധ്യപ്പെടുത്തുന്നതിനായി വിദഗ്ദതല റിപ്പോർട്ടിന്മേൽ ജില്ലയിലെ മറ്റു ബി.എം.സി.കളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേക ശില്പശാല ജില്ലാ പഞ്ചായത്ത് ബി.എം.സി. നടത്തേണ്ടതാണ്. പ്രസ്തുത ശില്പശാലയ്ക്ക് ബന്ധപ്പെട്ട ജില്ലാ ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റി (DBCC) ചെയർപേഴ്സൺ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), കൺവീനർ (DPO), ജില്ലാ കളക്ടർ എന്നിവർ നേതൃത്വം കൊടുക്കേണ്ടതാണ്.
10. ജില്ലാപഞ്ചായത്ത് ബി.എം.സി. യും, മേൽ വർക്കിംഗ് ഗ്രൂപ്പും, ജില്ലാപഞ്ചായത്ത് ഭരണസമിതിയും അംഗീകരിച്ച റിപ്പോർട്ട് സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
11. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അംഗീകാരത്തോടുകൂടി ഔദ്യോഗിക സ്പീഷീസുകളെ പ്രഖ്യാപിച്ചുകൊണ്ട് ജില്ലാ ബി.എം.സി. യ്ക്ക് ഉത്തരവിറക്കാവുന്നതാണ്.
12. പ്രസ്തുത ഉത്തരവ് ജില്ലയിലെ എല്ലാ ബി.എം.സി. കൾക്കും, ജില്ലാതല ജൈവവൈവിധ്യ കോർഡിനേഷൻ കമ്മിറ്റിയ്ക്കും, സംസ്ഥാന ജൈവവൈവിധ്യ ബോർഡിനും, തദ്ദേശസ്വയംഭരണം, വനം, റവന്യൂ, പൊതുമരാമത്ത്, പരിസ്ഥിതി, ജലവിഭവം, ജലസേചനം, മണ്ണുസംരക്ഷണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെയും ഹരിതകേരളം, കുടുംബശ്രീ, MNREGS, ശുചിത്വമിഷൻ, സാക്ഷരതാമിഷൻ തുടങ്ങിയ മിഷനുകളുടെയും പ്രാദേശിക/ ജില്ലാതല ഉദ്യോഗസ്ഥർക്കും,

സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.

13. ജില്ലാപഞ്ചായത്ത് ബി.എം.സി. പ്രഖ്യാപിക്കുന്ന ഔദ്യോഗിക സ്പീഷീസുകളുടെ സംരക്ഷണവും സുസ്ഥിര പരിപാലനവും പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ വകുപ്പുകളുടെയും മേൽനോട്ടത്തിൽ പ്രാദേശികതല ജൈവവൈവിധ്യ പരിപാലന കർമ്മപദ്ധതികൾ (L B S A P) ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ ജില്ലാപഞ്ചായത്ത് ബി.എം.സി. കൈക്കൊള്ളേണ്ടതാണ്.

14. ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ട സ്പീഷീസുകളുടെ സ്വഭാവ സവിശേഷത, നിലവിലെ അവസ്ഥ എന്നിവ പരിഗണിച്ചുകൊണ്ടുള്ള സംരക്ഷണ-പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഓരോ സ്പീഷീസിന്റെയും തനത് ആവാസവ്യവസ്ഥയ്ക്കകത്തോ (*in-situ* conservation) പുറത്തോ (*ex-situ* conservation) രണ്ടിടത്തുമായിട്ടോ (integrated) നടപ്പിലാക്കാവുന്ന തരത്തിലുള്ള പദ്ധതികളാവണം ആസൂത്രണം ചെയ്യേണ്ടത്.

15. ഔദ്യോഗിക സ്പീഷീസുകളുടെയോ അവയുടെ ആവാസകേന്ദ്രങ്ങളുടെയോ സംരക്ഷണ-പരിപാലന-പരിപോഷണത്തിനായുള്ള പദ്ധതികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പിലാക്കുന്നതിന് ബി.എം.സി. യുടെയും ജൈവവൈവിധ്യ പരിപാലന വർക്കിംഗ് ഗ്രൂപ്പിന്റെയും ടി.എസ്.ജി.യുടെയും മേൽനോട്ടത്തിൽ ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതാണ്.

16. പ്രാദേശികമായ സാഹചര്യം കണക്കിലെടുത്ത് ബി.എം.സി. കൾക്ക് ഉചിതമാണെന്ന് വിലയിരുത്തുന്നപക്ഷം, ഔദ്യോഗികമായി പ്രഖ്യാപിച്ച സ്പീഷീസുകൾ കാണപ്പെടുന്ന പ്രത്യേക ആവാസകേന്ദ്രങ്ങളുണ്ടെങ്കിൽ അവയെ ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 37 പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായോ (BHS), 03.03.2020 ലെ സ.ഉ.(കൈ)നം.5/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായോ (LBHS) പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ബി.എം.സി.കൾക്ക് കൈക്കൊള്ളാവുന്നതാണ്.

17. ജില്ലാ ബി.എം.സി.കളുടെ ഔദ്യോഗിക സ്പീഷീസുകളിൽ നിന്നും വംശനാശഭീഷണി നേരിടുന്ന ഗണത്തിൽപ്പെട്ടവയെ ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 38 പ്രകാരം അതീവ സംരക്ഷണ പ്രാധാന്യമുള്ളവയാണെന്ന് പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കൈക്കൊള്ളുന്നതാണ്.

18. ബി.എം.സി. കൾ പ്രഖ്യാപിക്കുന്ന ഔദ്യോഗിക സ്പീഷീസുകളുമായി ബന്ധപ്പെട്ട ഗവേഷണം, വാണിജ്യോപയോഗത്തിനായുള്ള അവയുടെ ഉപയോഗം എന്നിവ ജൈവവൈവിധ്യ നിയമ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ളതാണെന്ന് ഉറപ്പുവരുത്തുക.

19. ഔദ്യോഗിക സ്പീഷീസുകളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുകളും പി.ബി.ആറിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.

20. മേൽപ്പറഞ്ഞ പ്രകാരം ബി.എം.സി. കൾ പ്രഖ്യാപിക്കുന്ന സ്പീഷീസുകളെ ജൈവവൈവിധ്യ

(ഭേദഗതി) നിയമം 2023, വകുപ്പ് 38 പ്രകാരം വിജ്ഞാപനം ചെയ്യുകയോ, പ്രസ്തുത സ്പീഷീസുകൾ കാണപ്പെടുന്ന ആവാസകേന്ദ്രങ്ങളെ ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 37 പ്രകാരം ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായോ (BHS), 03.03.2020 ലെ സ.ഉ.(കൈ)നം.5/2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രാദേശിക ജൈവവൈവിധ്യ പൈതൃക കേന്ദ്രങ്ങളായോ (LBHS) പ്രഖ്യാപിക്കുകയോ, പ്രസ്തുത സ്പീഷീസുകൾ നിലവിൽ പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംരക്ഷിത പട്ടികയിൽപ്പെടുകയോ ചെയ്യുന്നപക്ഷം, അത്തരം സ്പീഷീസുകളെയോ അവയുടെ ആവാസകേന്ദ്രങ്ങളെയോ നശിപ്പിക്കുകയോ, അവയുടെ നാശത്തിന് കാരണമാകുകയോ ചെയ്യുന്ന ഏതൊരുവിധ പ്രവൃത്തിയ്ക്കെതിരെയും ജൈവവൈവിധ്യ (ഭേദഗതി) നിയമം 2023, വകുപ്പ് 56 പ്രകാരമുള്ള ശിക്ഷാനടപടികൾ ബി.എം.സി. യ്ക്ക് കൈക്കൊള്ളാവുന്നതാണ്.

Digitally signed by
V BALAKRISHNAN
Date: 18-02-2026
13:21:44

**മെമ്പർ സെക്രട്ടറി, കെ.എസ്.ബി.ബി.**